## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.75 28.09.2011 ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മാണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.എൻ.ഷംസുദ്ദീൻ | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ മന്ത്രി) |

| | |
|---|---|
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതു സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (എ) പുതിയ ഡാം നിർമ്മിക്കാൻ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തികരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഡാമിന്റെ ഡിസൈൻ, സാധ്യതാപഠന റിപ്പോർട്ട് എന്നിവ പൂർത്തിയാക്കി. ഇതിൽ സുപ്രീംകോടതി നിയോഗിച്ച എംപവേർഡ് കമ്മിറ്റി മുൻപാകെ സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു. പുതിയ ഡാമിന്റെ ഡി.പി.ആർ. ഈ മാസം 30-ാം തീയതിക്കു മുൻപ് പൂർത്തിയാക്കി എംപവേർഡ് കമ്മിറ്റിക്കു സമർപ്പിക്കുന്നതാണ്. |
| (ബി) പുതിയ അണക്കെട്ടു വരുമ്പോൾ നിലവിലെ അണക്കെട്ട് എന്തു ചെയ്യണമെന്ന കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (ബി) പഴയ അണക്കെട്ട് പൊളിച്ചു മാറ്റുന്നതിനു തീരുമാനിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ തീരുമാനത്തിന്റെ വിശദവിവരം നൽകാമോ; | (സി) പൊളിച്ചു മാറ്റാനാണ് തീരുമാനിച്ചിരിക്കുന്നത്. ഭാഗികമായോ പൂർണ്ണമായോ പൊളിക്കണമെന്ന കാര്യം വിദഗ്ദ്ധ പഠനത്തിനുശേഷം അനുയോജ്യമായ സമയത്ത് തീരുമാനമെടുക്കുന്നതാണ്. |

| | |
|---|---|
| (ഡി) അണക്കെട്ടു പൊളിച്ചു മാറ്റുന്നതിനുള്ള സാങ്കേതിക ജ്ഞാനം ലഭ്യമാണോ; | (ഡി) ലഭ്യമാണ് |
| (ഇ) പുതിയ ഡാം നിർമ്മിക്കുമ്പോൾ പഴയ ഡാം പൂർണ്ണമായും പൊളിച്ചു മാറ്റേണ്ടത് അനിവാര്യമാണെന്നു കരുതുന്നുണ്ടോ; | (ഇ),(എഫ്) & (ജി) പുതിയ ഡാം നിർമ്മിച്ചു കഴിയുമ്പോൾ പഴയ ഡാം എത്ര കണ്ട് പൊളിക്കണമെന്നും, എങ്ങനെ പെളിക്കണമെന്നും ചില നിർദ്ദേശങ്ങൾ ഡി.പി.ആറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; | |
| (ജി) ഇക്കാര്യത്തിൽ ലഭ്യമാക്കാനുദ്ദേശിക്കുന്ന വിദഗ്ധ ഉപദേശം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ